**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് / ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡുകളിലിള്ള എൻ.ടി.സി/എസ്.ടി.സി ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് കോഴ്സുകളുടെ ഉയർന്ന യോഗ്യത/ തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

G.O.(Ms)No. 21/2017/LBR തിരുവനന്തപുരം,തീയതി, 30/03/2017

---

പരാമർശം:- .1. ശ്രീമതി. ഹസീനാമോൾ എച്ച്., ശ്രീമതി. ലീന.എൻ., ശ്രീ. അരുൺകുമാർ, ശ്രീ. ഹരീഷ്.എം. എന്നീ ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനം.

2.. ട്രെയിനിംഗ് ഡയറക്ടറുടെ 17.10.2016 ലെ എഫ്1/22626/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതയായി കണക്കാക്കുന്നതിലേയ്ക്ക് വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് / ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡുകളിലെ എൻ.റ്റി.സി/എസ്.റ്റി.സി , കെ.ജി.റ്റി.ഇ.നടത്തുന്ന ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ലോവറും കമ്പ്യൂട്ടർ വേഡ് പ്രോസ്സസിംഗിനും തുല്യമാണ് എന്ന ഉത്തരവ് നല്കണമെന്ന് പരാമർശം 1 , പ്രകാരം അപേക്ഷ ലഭിക്കുകയുണ്ടായി.

.2) കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് / ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡുകളുടെ സിലബസ് കെ.ജി.റ്റി.ഇ.യുടെ സിലബസിനേക്കാൾ മികവുറ്റ നിലവാരം പുലർത്തുന്നതാണ് എന്നും ടി സിലബസിൽ റീജിയണൽ ലാംഗ്വേജസിലെ പ്രായോഗിക പരിശീലനം നിർബന്ധമാണ് എന്നുമുള്ളതിനാൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഇൻ കെ.ജി.റ്റി.ഇ. മലയാളം, ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് ഇൻ കെ.ജി.റ്റി.ഇ. ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് എന്നീ യോഗ്യതകൾ കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്/ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡുകൾക്ക് തത്തുല്യമായി പരിഗണിക്കാവുന്നതാണെന്ന് വ്യാവസായിക പരിശീലന വകുപ്പ് ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്ത സാഹചര്യത്തിൽ മേൽ കോഴ്സുകൾ തുല്യമാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു വർഷ ദൈർഘ്യമുള്ള കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിന്റെ സിലബസ് ഹ്രസ്വകാല കോഴ്സുകളായ ഡേറ്റാ എൻട്രി ഓപ്പറേറ്റർ,കെ.ജി.റ്റി.ഇ.എന്നിവയുടെ സിലബസിനേക്കാൾ മികവുറ്റ നിലവാരം പുലർത്തുന്ന സാഹചര്യത്തിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് ട്രേഡിലുള്ള എൻ.ടി.സി/എസ്.ടി.സി യോഗ്യത ഡേറ്റാ

എൻട്രി ഓപ്പറേറ്റർ, കെ.ജി.റ്റി.ഇ ഇംഗ്ലീഷ് & മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് കോഴ്സുകളുടെ ഉയർന്ന യോഗ്യതയായും ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രേഡിലുള്ള എൻ.ടി.സി/എസ്.ടി.സി. യോഗ്യത കെ.ജി.റ്റി.ഇ ഇംഗ്ലീഷ് & മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ, കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് കോഴ്സുകൾക്ക് തത്തുല്യയോഗ്യതയായും പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ. താരാദേവി,

ജോയിന്റ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
നിവേദകർ. (ട്രെയിനിംഗ് ഡയറക്ടർ മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ആഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu

സെക്ഷൻ ഓഫീസർ